**PROVISIONAL ANSWER KEY**

Paper: ELIGIBILITY TEST METER READER SPOT BILLER KSEB
Date of Test 06-02-2023

Question1:-സ്ഥിതവൈദ്യുതിയ്ക്ക് ഉദാഹരണം ഏതാണ്?
A:-ബാറ്ററിയിൽ നിന്നുള്ള വൈദ്യുതി
B:-ജനറേറ്റർ ഉത്പാദിപ്പിക്കുന്ന വൈദ്യുതി
C:-കെ.എസ്.ഇ.ബി. നൽകുന്ന വൈദ്യുതി
D:-ഗ്ലാസ് റോഡും സിൽക്ക് തുണിയും ഉരസുമ്പോൾ ഉണ്ടാകുന്ന വൈദ്യുതി
Correct Answer:- Option-D

Question2:-ഒരു വൈദ്യുതി സർക്കീട്ടിൽ 240 വോൾട്ടത നൽകിയപ്പോൾ 0.5 ആമ്പിയർ കറണ്ട് പ്രവഹിക്കുകയാണെങ്കിൽ പ്രസ്തുത സർക്കീട്ടിൽ ഘടിപ്പിച്ച ഒരു ലാമ്പിൻെറ പവർ എത്രയായിരിക്കും?
A:-240 വാട്ട്
B:-120 വാട്ട്
C:-480 വാട്ട്
D:-960 വാട്ട്
Correct Answer:- Option-B

Question3:-വൈദ്യുതോർജ്ജത്തിൻെറ വ്യാവസായിക യൂണിറ്റ് ഏതാണ്?
A:-കിലോവാട്ട് ഔവർ
B:-കൂളമ്പ്
C:-വാട്ടേജ്
D:-ഹെർട്സ്
Correct Answer:- Option-A

Question4:-ഒരു കപ്പാസിറ്ററിൻെറ കപ്പാസിറ്റൻസിനെ സ്വാധീനിക്കാത്ത ഘടകം ഏതാണ്?
A:-പ്ലേറ്റിൻെറ കനം
B:-പ്ലേറ്റിൻെറ വിസ്തീർണ്ണം
C:-പ്ലേറ്റുകൾ തമ്മിലുള്ള അകലം
D:-ഡൈ ഇലക്ട്രിക്കിൻെറ സ്വഭാവം
Correct Answer:- Option-A

Question5:-ഗാർഹിക വയറിങ് ആവശ്യങ്ങൾക്ക് സർക്കീട്ടുകൾ .............. രീതിയിലാണ് ഘടിപ്പിക്കുന്നത്.
A:-ശ്രേണി
B:-സമാന്തരം
C:-സമാന്തരവും ശ്രേണിയും
D:-ഇതൊന്നുമല്ല
Correct Answer:- Option-B

Question6:-സീലിങ് ഫാനിൽ ഏത് മോട്ടോറാണ് ഉപയോഗിക്കുന്നത്?
A:-സ്റ്റെപ്പർ മോട്ടോർ
B:-സീരീസ് മോട്ടോർ
C:-സിങ്ക്രണസ് മോട്ടോർ
D:-ഇൻഡക്ഷൻ മോട്ടോർ
Correct Answer:- Option-D

Question7:-കപ്പാസിറ്റൻസിൻെറ യൂണിറ്റ് ഏതാണ്?
A:-കൂളമ്പ്
B:-ഓം
C:-ഫാരഡ്
D:-വാട്ട്
Correct Answer:- Option-C

Question8:-ഒരു ശുദ്ധ റസിസ്റ്റീവ് സർക്കീട്ടിൻെറ പവർ ഫാക്ടർ എത്രയാണ്?
A:-0.9 ലീഡിങ്
B:-0.9 ലാഗിങ്
C:-പൂജ്യം
D:-ഒന്ന്
Correct Answer:- Option-D

Question9:-ഇലക്ട്രിക്ക് കറണ്ടിൻെറ സാന്നിധ്യം തിരിച്ചറിയുന്ന ഉപകരണം
A:-വാട്ട് മീറ്റർ
B:-വോൾട്ട് മീറ്റർ
C:-ഗാൽവനോമീറ്റർ
D:-ഫ്ലക്സ് മീറ്റർ
Correct Answer:- Option-C

Question10:-ഡി സി ജനറേറ്ററിൻെറ പ്രവർത്തന തത്വം
A:-ഓം നിയമം
B:-ലെൻസ് നിയമം
C:-ഫ്ലെമിങ്ങിൻെറ വലത് കൈ നിയമം
D:-ഫാരഡെയുടെ വൈദ്യുതി കാന്തിക പ്രേരണ നിയമം
Correct Answer:- Option-D

Question11:-ഒരു വസ്തുവിലെ ഇലക്ട്രോണുകളുടെ ആകെ കുറവ് അല്ലെങ്കിൽ ആധിക്യം അറിയപ്പെടുന്നത് ................ എന്നാണ്.
A:-ചാർജ്ജ്
B:-വോൾട്ടേജ്
C:-കറണ്ട്
D:-പൊട്ടൻഷ്യൽ വ്യത്യാസം
Correct Answer:- Option-A

Question12:-രണ്ട് ബ്രാഞ്ചുകളുള്ള ഒരു സമാന്തര സർക്കീട്ടിൻെറ ആകെ പ്രതിരോധം 15 Ω ആണ്. ഒരു ബ്രാഞ്ചിൻെറ പ്രതിരോധം 20 Ω ആയാൽ, രണ്ടാമത്തെ ബ്രാഞ്ചിൻെറ പ്രതിരോധം എത്രയാണ്?
A:-120 Ω
B:-60 Ω
C:-45 Ω
D:-180 Ω
Correct Answer:- Option-B

Question13:-ട്രാൻസ്ഫോർമറിൻെറ no load current അതിൻെറ full load current ൻെറ എത്ര ശതമാനമായിരിക്കും?
A:-10 മുതൽ 15% വരെ
B:-2 മുതൽ 5% വരെ
C:-0.1 മുതൽ 0.5% വരെ
D:-15% ൽ കൂടുതൽ
Correct Answer:- Option-B

Question14:-കേരളത്തിൽ വിതരണം ചെയ്യുന്ന സിംഗിൾ ഫേസ് വൈദ്യുതിയുടെ വോൾട്ടേജ് നില എത്രയാണ്?

A:-415 വോൾട്ട്
B:-240 വോൾട്ട്
C:-110 വോൾട്ട്
D:-44 വോൾട്ട്
Correct Answer:- Option-B
Question15:-500 വാട്സ് പവർ ഉള്ള ഉപകരണം 15 മണിക്കൂർ പ്രവർത്തിച്ചാൽ ആകെ വൈദ്യുതി ഉപഭോഗം എത്രയാണ്?
A:-7.5 kWh
B:-75 kWh
C:-7500 kWh
D:-750 kWh
Correct Answer:- Option-A
Question16:-താപനിലയുടെ SI യൂണിറ്റ് ഏതാണ്?
A:-മോൾ
B:-കെൽവിൻ
C:-ഡിഗ്രി സെൽഷ്യസ്
D:-ഫാരൻഹീറ്റ്
Correct Answer:- Option-B
Question17:-പൊട്ടൻഷ്യൽ ട്രാൻസ്ഫോർമർ ഏത് വിഭാഗത്തിൽ പെടുന്നു?
A:-സ്റ്റെപ്പ് ഡൌൺ ട്രാൻസ്ഫോർമർ
B:-സ്റ്റെപ്പ് അപ്പ് ട്രാൻസ്ഫോർമർ
C:-ഐസൊലേഷൻ ട്രാൻസ്ഫോർമർ
D:-സെൻ്റർ ടാപ്പ് ട്രാൻസ്ഫോർമർ
Correct Answer:- Option-A
Question18:-2.5 Ω പ്രതിരോധമുള്ള സർക്കീട്ടിന് കുറുകെ 100 വോൾട്ട് പൊട്ടൻഷ്യൽ വ്യത്യാസം നൽകിയാൽ, സർക്കീട്ടിൽ കൂടി ഒഴുകുന്ന കറണ്ടിൻെറ അളവ് .............. ആയിരിക്കും.
A:-250 ആമ്പിയർ
B:-25 ആമ്പിയർ
C:-40 ആമ്പിയർ
D:-4 ആമ്പിയർ
Correct Answer:- Option-C
Question19:-ഡി സി ജനറേറ്ററിൻെറ കമ്മ്യൂട്ടേറ്റർ ബ്രഷ് നിർമ്മിച്ചിരിക്കുന്നത് ............. ഉപയോഗിച്ചാണ്.
A:-അലുമിനിയം
B:-കോപ്പർ
C:-കാർബൺ
D:-സിൽവർ
Correct Answer:- Option-C
Question20:-ലെഡ് ആസിഡ് ബാറ്ററിയിൽ ഊർജ്ജം സംഭരിച്ചിട്ടുള്ളത് ................ രൂപത്തിലാണ്.
A:-രാസോർജ്ജം
B:-താപോർജ്ജം
C:-യാന്ത്രികോർജ്ജം
D:-കാന്തികോർജ്ജം
Correct Answer:- Option-A
Question21:-ഒരു സർക്കീട്ടിലെ വൈദ്യുത പവർ അളക്കാൻ ഉപയോഗിക്കുന്ന ഉപകരണം
A:-അമ്മീറ്റർ
B:-വാട്ട് മീറ്റർ
C:-വോൾട്ട് മീറ്റർ
D:-ഓം മീറ്റർ
Correct Answer:- Option-B
Question22:-അന്തരീക്ഷ ഈർപ്പം ട്രാൻസ്ഫോർമറിനുള്ളിലേക്ക് പ്രവേശിക്കുന്നത് .............. തടയുന്നു.
A:-കൺസർവേറ്റർ ടാങ്ക്
B:-ട്രാൻസ്ഫോർമർ ഓയിൽ
C:-ബ്രീത്തർ
D:-ഫിൻസ്
Correct Answer:- Option-C
Question23:-ഒരു കുതിര ശക്തി =
A:-0.746 വാട്സ്
B:-74.6 വാട്സ്
C:-746 വാട്സ്
D:-7.46 വാട്സ്
Correct Answer:- Option-C
Question24:-ശബ്ദ തീവ്രത അളക്കുന്നതിനുള്ള യൂണിറ്റ്
A:-ഡെസിമീറ്റർ
B:-ഹെൻറി
C:-ഡെസിഗ്രാം
D:-ഡെസിബെൽ
Correct Answer:- Option-D
Question25:-ചുവടെയുള്ളതിൽ ഓം നിയമം ഉപയോഗിച്ച് വിശകലനം നടത്താൽ കഴിയാത്തത് ഏതാണ്?
A:-ഇൻഡക്ടർ
B:-റസിസ്റ്റർ
C:-ട്രാൻസിസ്റ്റർ
D:-കപ്പാസിറ്റർ
Correct Answer:- Option-C
Question26:-50 Hz ആവൃത്തിയുള്ള ആൾട്ടർനേറ്റിങ് കറണ്ട് സിഗ്നൽ 2 സെക്കൻഡിൽ എത്ര സൈക്കിൾ പൂർത്തിയാക്കും?
A:-50
B:-100
C:-200
D:-300
Correct Answer:- Option-B
Question27:-ഡി സി ജനറേറ്ററിൽ കാന്തിക മണ്ഡലം സൃഷ്ടിക്കുന്നത് .............. ഉപയോഗിച്ചാണ്.
A:-സ്ഥിര കാന്തം
B:-വൈദ്യുത കാന്തം
C:-കപ്പാസിറ്റർ
D:-ഇൻഡക്ടർ
Correct Answer:- Option-B
Question28:-ട്രാൻസ്ഫോർമറിൽ പ്രൈമറി കമ്പിച്ചുരുളും സെക്കൻഡറി കമ്പിച്ചുരുളും തമ്മിലുള്ള പ്രതിരോധം ............... ആയിരിക്കും.

A:-പൂജ്യം
B:-10 MΩ
C:-1000 Ω
D:-ഇൻഫിനിറ്റി
Correct Answer:- Option-D
Question29:-ഇലക്ട്രിക് കറണ്ട് എന്താണെന്ന് വിശദീകരിക്കുകയും കറണ്ട് അളക്കാനുള്ള രീതി കണ്ടെത്തുകയും ചെയ്തത് ................ ആണ്.
A:-അലസ്സാൻഡ്രോ വോൾട്ടാ
B:-ആന്ദ്രേ മേരി ആമ്പിയർ
C:-മൈക്കൽ ഫാരഡേ
D:-അലക്സാണ്ടർ ഫ്ലെമിങ്
Correct Answer:- Option-B
Question30:-ഒരു വൈദ്യുത സർക്കീട്ടിൽ കറണ്ട് പ്രവഹിക്കുന്നത് ................ ൻെറ ചലനം മൂലമാണ്.
A:-ഇലക്ട്രോൺ
B:-പ്രോട്ടോൺ
C:-ന്യൂട്രോൺ
D:-ഇലക്ട്രോണും പ്രോട്ടോണും
Correct Answer:- Option-A
Question31:-ഫ്യൂസ് വയറിൻെറ ശേഷി പ്രസ്താവിക്കുന്ന യൂണിറ്റ്
A:-കിലോവാട്ട് ഔവർ
B:-ആമ്പിയർ
C:-വോൾട്ട്
D:-ആമ്പിയർ വോൾട്ട്
Correct Answer:- Option-B
Question32:-ഒരു ചാലകത്തിൻെറ പ്രതിരോധം ......... ന് വിപരീത അനുപാതത്തിലായിരിക്കും.
A:-താപനില
B:-നീളം
C:-ഛേദതല വിസ്തീർണ്ണം
D:-പ്രതിരോധകം
Correct Answer:- Option-C
Question33:-കൊതുകുകളും തേനീച്ചകളും പറക്കുമ്പോൾ ശബ്ദം ഉണ്ടാകുന്നത് ............. ൻെറ കമ്പനം മൂലമാണ്.
A:-ത്വക്കിൻെറ
B:-ചിറകുകളുടെ
C:-ചുണ്ടിൻെറ
D:-കാലുകളുടെ
Correct Answer:- Option-B
Question34:-തെരുവ് വിളക്കുകളുടെ ബൾബുകൾ ................ രീതിയിലാണ് ഘടിപ്പിക്കുന്നത്.
A:-സമാന്തരം
B:-ശ്രേണി
C:-ശ്രേണി-സമാന്തരം
D:-ഇതൊന്നുമല്ല
Correct Answer:- Option-A
Question35:-1 ലൂമൻ/ചതു. മീറ്റർ അറിയപ്പെടുന്നത് ................ എന്നാണ്.
A:-കാൻഡല
B:-ഫൂട്ട് കാൻഡിൽ
C:-ലക്സ്
D:-ലൂമൻ മീറ്റർ
Correct Answer:- Option-C
Question36:-ഡി സി ജനറേറ്ററിൻെറ കോർ ലാമിനേഷൻ നിർമ്മിക്കുന്നത് .............. ഉപയോഗിച്ചാണ്.
A:-കാർബൺ
B:-ഗ്രാഫൈറ്റ്
C:-സിലിക്കൺ സ്റ്റീൽ
D:-അലുമിനിയം
Correct Answer:- Option-C
Question37:-ട്രാൻസ്ഫോർമർ ബ്രീത്തറിൽ ഉപയോഗിക്കുന്ന രാസവസ്തു
A:-സോഡിയം ക്ലോറൈഡ്
B:-സിലിക്കൺ ഡയോക്സൈഡ്
C:-സിലിക്കാ ജെൽ
D:-ഹൈഡ്രജൻ പെറോക്സൈഡ്
Correct Answer:- Option-C
Question38:-വൈദ്യുത കറണ്ടിൻെറ ............. ഫലം അടിസ്ഥാനമാക്കിയാണ് ഫ്യൂസ് പ്രവർത്തിക്കുന്നത്.
A:-യാന്ത്രികബലം
B:-കാന്തിക ബലം
C:-രാസ ഫലം
D:-താപ ഫലം
Correct Answer:- Option-D
Question39:-ട്രാക്ഷൻ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന മോട്ടോർ
A:-എ സി സീരിസ് മോട്ടോർ
B:-ഡി സി സീരീസ് മോട്ടോർ
C:-ഇൻഡക്ഷൻ മോട്ടോർ
D:-സിങ്ക്രണസ് മോട്ടോർ
Correct Answer:- Option-B
Question40:-ഒരു ന്യൂട്ടൻ / ചതു. മീറ്റർ =
A:-ഒരു ഫാരഡ്
B:-ഒരു പാസ്കൽ
C:-10 ഓം
D:-20 ഹെർട്സ്
Correct Answer:- Option-B
Question41:-ഇൻകാൻഡസെൻ്റ് ബൾബിൻെറ ഫിലമെൻ്റ് നിർമ്മിക്കുവാൻ സാധാരണയായി .............. ഉപയോഗിക്കുന്നു.
A:-ലെഡ്
B:-അലുമിനിയം
C:-ടങ്സ്റ്റൺ
D:-കാർബൺ
Correct Answer:- Option-C
Question42:-വയറിങ്ങ് ചെയ്യുമ്പോൾ എർത്തുമായി ബന്ധിപ്പിക്കുന്നതിന് ഉപയോഗിക്കുന്ന വയറിൻെറ നിറം ഏതാണ്?

A:-ചുവപ്പ്
B:-നീല
C:-പച്ച
D:-കറുപ്പ്
Correct Answer:- Option-C

Question43:-ഗ്രഹങ്ങളിലേക്കും നക്ഷത്രങ്ങളിലേക്കുമുള്ള ദൂരം അളക്കുന്നതിന് ഉപയോഗിക്കുന്ന യൂണിറ്റ് ഏതാണ്?
A:-കിലോമീറ്റർ
B:-ആകാശഗംഗ
C:-ഡെക്കാമീറ്റർ
D:-പ്രകാശവർഷം
Correct Answer:- Option-D

Question44:-ഒരു വസ്തുവിൽ അടങ്ങിയിട്ടുള്ള ദ്രവ്യത്തിൻെറ അളവാണ്
A:-പിണ്ഡം
B:-ഭാരം
C:-പവർ
D:-ഊർജ്ജം
Correct Answer:- Option-A

Question45:-പ്രകാശ തീവ്രത അളക്കുന്നതിനുള്ള അടിസ്ഥാന യൂണിറ്റ്
A:-ഫ്ലക്സ്
B:-കാൻഡില
C:-ജൂൾ
D:-കെൽവിൻ
Correct Answer:- Option-B

Question46:-ചക്രങ്ങളില്ലാതെ  പാളത്തിന് മുകളിലൂടെ പാഞ്ഞുപോകുന്ന ട്രെയിനുകളാണ്
A:-സമ്പർക്ക് ക്രാന്തി ട്രെയിൻ
B:-ജനശതാബ്ദി ട്രെയിൻ
C:-ഹൈ സ്പീഡ് ട്രെയിൻ
D:-മാഗ് ലെവ് ട്രെയിൻ
Correct Answer:- Option-D

Question47:-ട്രാൻസ്ഫോർമറിൽ ............ ആണ് രൂപാന്തരപ്പെടുന്നത്.
A:-കറണ്ട്
B:-വോൾട്ടേജ്
C:-ആവൃത്തി
D:-പവർ
Correct Answer:- Option-D

Question48:-ഡി സി ഷണ്ട് മോട്ടോറുകൾ സാധാരണയായി ഉപയോഗിക്കുന്നത്
A:-ട്രാക്ഷൻ ആവശ്യങ്ങൾക്ക്
B:-സാധനങ്ങൾ ഉയർത്തുന്ന ആവശ്യങ്ങൾക്ക്
C:-മെഷീൻ ടൂളുകളിൽ
D:-ക്രെയിനുകളിൽ
Correct Answer:- Option-C

Question49:-ഭൂമി ഒരു വലിയ കാന്തത്തെപ്പോലെ വർത്തിക്കുന്നു എന്ന് ആദ്യം മനസ്സിലാക്കിയ ശാസ്ത്രജ്ഞൻ
A:-ഐസക് ന്യൂട്ടൺ
B:-വില്യം ഗിൽബർട്ട്
C:- മൈക്കൽ ഫാരഡെ
D:-സി.വി. രാമൻ
Correct Answer:- Option-B

Question50:-വസ്തുക്കളുടെ ................ മൂലമാണ് ശബ്ദം ഉണ്ടാകുന്നത്.
A:-ശക്തി
B:-മാസ്
C:-കമ്പനം
D:-പ്രതിഫലനം
Correct Answer:- Option-C

Question51:-സ്ഥിതവൈദ്യുതി ചാർജ്ജിൻെറ സാന്നിദ്ധ്യം അറിയുവാനുള്ള ഉപകരണം
A:-സ്റ്റെതസ്കോപ്പ്
B:-ഇലക്ട്രോസ്കോപ്പ്
C:-ഓസിലോസ്കോപ്പ്
D:-ടെലസ്കോപ്പ്
Correct Answer:- Option-B

Question52:-ഒരു കപ്പാസിറ്ററിൻെറ വൈദ്യുതി സംഭരിക്കുവാനുള്ള ശേഷി വർദ്ധിപ്പിക്കാൻ പ്ലേറ്റുകൾക്കിടയിൽ ഉപയോഗിക്കുന്ന ഇൻസുലേറ്ററുകൾ ............... എന്ന് അറിയപ്പെടുന്നു.
A:-സെമികണ്ടക്ടർ
B:-തെർമിസ്റ്റർ
C:-ഡയോഡ്
D:-ഡൈഇലക്ട്രിക്
Correct Answer:- Option-D

Question53:-ഗാർഹിക റഫ്രിജറേറ്ററുകളിൽ ഉപയോഗിക്കുന്ന മോട്ടോർ
A:-ഡി സി സീരിസ് മോട്ടോർ
B:-സിംഗിൾ ഫേസ് ഇൻഡക്ഷൻ മോട്ടോർ
C:-ഡി സി ഷണ്ട് മോട്ടോർ
D:-സ്ക്വരൽ കേജ് മോട്ടോർ
Correct Answer:- Option-B

Question54:-ട്രാൻസ്ഫോർമർ കോർ ലാമിനേറ്റ് ചെയ്യുന്നത്
A:-കോപ്പർ ലോസ് കുറയ്ക്കാൻ
B:-താപരൂപത്തിൽ നഷ്ടം കുറയ്ക്കാൻ
C:-എഡ്ഡി കറണ്ട് നഷ്ടം കുറയ്ക്കാൻ
D:-ഹിസ്റ്ററിസിസ് നഷ്ടം കുറയ്ക്കാൻ
Correct Answer:- Option-C

Question55:-വൈദ്യുത ചാർജ്ജുകളെ പോസിറ്റീവ് എന്നും നെഗറ്റീവ് എന്നും നാമകരണം ചെയ്തത്
A:-ബെഞ്ചമിൻ ഫ്രാങ്ക്ലിൻ
B:-അലക്സാണ്ടർ ഫ്ലെമിങ്
C:-മൈക്കൽ ഫാരഡെ
D:-ആന്ദ്രേ മേരി ആമ്പിയർ
Correct Answer:- Option-A

Question56:-കടലിൻെറ ആഴം കണക്കാക്കാൻ സഹായിക്കുന്ന സോണാർ എന്ന ഉപകരണത്തിൽ ............. തരംഗങ്ങൾ ഉപയോഗിക്കുന്നു.
A:-അൾട്രാസോണിക്
B:-സൂപ്പർ സോണിക്
C:-ഇൻഫ്രാറെഡ്
D:-കോസ്മിക്
Correct Answer:- Option-A

Question57:-ചുവടെയുള്ളതിൽ ശരിയല്ലാത്ത പ്രസ്താവന ഏതാണ്?
A:-വൈദ്യുത ചാർജ്ജ് ഒരു അദിശ അളവാണ്
B:-വൈദ്യുതി ചാർജ്ജ് അളക്കുന്നത് വോൾട്ട് എന്ന യൂണിറ്റിലാണ്
C:-വിജാതീയ ചാർജ്ജുകൾ തമ്മിൽ ആകർഷിക്കുന്നു
D:-ഇലക്ട്രോണുകൾ നഷ്ടപ്പെട്ടാൽ പോസിറ്റീവ് ചാർജ്ജ് ലഭിക്കും
Correct Answer:- Option-B

Question58:-20 Hz ൽ കുറവ് ആവൃത്തിയുള്ള ശബ്ദത്തെ ............. എന്ന് പറയുന്നു.
A:-സൂപ്പർസോണിക്
B:-അൾട്രാസോണിക്
C:-മൈക്രോസ്കോപ്പിക്
D:-ഇൻഫ്രാസോണിക്
Correct Answer:- Option-D

Question59:-കാന്തികബലരേഖകളെ ഉള്ളിലേക്ക് കടത്തിവിടാനുള്ള വസ്തുക്കളുടെ കഴിവാണ്
A:-വശഗത
B:-പെർമിയബിലിറ്റി
C:-റിറ്റൻറിവിറ്റി
D:-തീവ്രത
Correct Answer:- Option-B

Question60:-സിങ്ക്രണസ് മോട്ടോറിൻെറ സ്ലിപ്പ് റിങ്ങിൽ ഉള്ളത് .............. ആയിരിക്കും.
A:-ആൾട്ടർനേറ്റിങ് കറണ്ട്
B:-ഡയറക്ട് കറണ്ട്
C:-കറണ്ടില്ല
D:-ആൾട്ടർനേറ്റിങ് കറണ്ടും ഡയറക്ട് കറണ്ടും
Correct Answer:- Option-B

Question61:-ട്രാൻസ്ഫോർമറിൻെറ സെക്കൻഡറി ചുറ്റുകളുടെ എണ്ണം പ്രൈമറി ചുറ്റുകളുടെ എണ്ണത്തേക്കാൾ കുറഞ്ഞാൽ
A:-വോൾട്ടേജ് കൂടും
B:-പവർ കൂടും
C:-വോൾട്ടേജ് കുറയും
D:-പവർ കുറയും
Correct Answer:- Option-C

Question62:-ഒരു ഘര പദാർത്ഥം ചൂടാക്കുമ്പോൾ ദ്രാവകമാകാതെ നേരിട്ട് വാതകമാകുന്ന പ്രക്രിയയാണ്
A:-ഉത്പതനം
B:-ബാഷ്പീകരണം
C:-പ്രകാശ സംശ്ലേഷണം
D:-വ്യാപനം
Correct Answer:- Option-A

Question63:-തൈരിൽ നിന്നും വെണ്ണ വേർതിരിക്കാൻ പ്രയോജനപ്പെടുത്തുന്ന പ്രക്രിയ
A:-ക്രൊമറ്റോഗ്രാഫി
B:-അധിശോഷണം
C:-സെൻട്രിഫ്യൂഗേഷൻ
D:-വേപ്പറൈസേഷൻ
Correct Answer:- Option-C

Question64:-ഒരു ചാലകത്തിൽ വൈദ്യുത ചാർജ്ജിൻെറ സാന്നിദ്ധ്യം ............... ൽ ആയിരിക്കും.
A:-മദ്ധ്യഭാഗത്ത്
B:-ഉള്ളിൽ
C:-ഉപരിതലത്തിൽ
D:-ഒരു വശത്ത്
Correct Answer:- Option-C

Question65:-ശബ്ദോർജ്ജത്തെ വൈദ്യുത സിഗ്നലുകളാക്കി മാറ്റുന്ന ഉപകരണം
A:-ആംപ്ലിഫയർ
B:-ലൌഡ് സ്പീക്കർ
C:-മൈക്രോഫോൺ
D:-ഡയോഡ്
Correct Answer:- Option-C

Question66:-വൈദ്യുത കാന്തത്തിൻെറ ശക്തി .............. നെ ആശ്രയിക്കുന്നില്ല.
A:-കമ്പിച്ചുരുളുകളുടെ എണ്ണം
B:-വൈദ്യുതിയുടെ അളവ്
C:-കമ്പിച്ചുരുളിനകത്തുള്ള പച്ചിരുമ്പിൻെറ ഛേദതല വിസ്തീർണ്ണം
D:-പച്ചിരുമ്പിൻെറ നീളം
Correct Answer:- Option-D

Question67:-ട്രാൻസ്ഫോർമറിന് പരമാവധി ക്ഷമത കിട്ടുന്നത്
A:-ലീഡിങ് പവർ ഫാക്ടർ ആകുമ്പോൾ
B:-ലാഗിങ് പവർ ഫാക്ടർ ആകുമ്പോൾ
C:-യൂണിറ്റി പവർ ഫാക്ടർ ആകുമ്പോൾ
D:-ഇതൊന്നുമല്ല
Correct Answer:- Option-C

Question68:-സോഡിയം വേപ്പർ ലാമ്പിൽ നിന്നുള്ള പ്രകാശത്തിൻെറ നിറം
A:-നീല
B:-മഞ്ഞ
C:-നീല നിറം കലർന്ന പച്ച
D:-വെള്ള
Correct Answer:- Option-B

Question69:-കാന്തത്തിൻെറ സാന്നിദ്ധ്യം മൂലം ഒരു കാന്തികവസ്തുവിന് കാന്തശക്തി ലഭിക്കുന്ന പ്രതിഭാസം
A:-കാന്തിക പ്രേരണം
B:-കാന്തവൽക്കരണം
C:-കാന്തികധ്രുവീകരണം
D:-കാന്തികമണ്ഡലം

Correct Answer:- Option-A
Question70:-സൂര്യൻെറയും മറ്റു നക്ഷത്രങ്ങളുടെയും കേന്ദ്രഭാഗത്ത് പദാർത്ഥം ............. അവസ്ഥയിൽ കാണപ്പെടുന്നു.
A:-വാതകം
B:-ദ്രാവകം
C:-ഖരം
D:-പ്ലാസ്മ
Correct Answer:- Option-D
Question71:-കപ്പലുകളുടെയും വിമാനങ്ങളുടെയും വേഗം അളക്കുന്നതിനുള്ള യൂണിറ്റ് ................ ആണ്.
A:-നോട്ടിക്കൽ മൈൽ
B:-നോട്ട്
C:-കിലോമീറ്റർ / സെക്കൻഡ്
D:-ഡെസിമീറ്റർ / സെക്കൻഡ്
Correct Answer:- Option-B
Question72:-ഉരുളൽ ഘർഷണം നിരങ്ങൽ ഘർഷണത്തേക്കാൾ .............. ആയിരിക്കും.
A:-കൂടുതൽ
B:-കുറവ്
C:-ഒരുപോലെ
D:-ഇതൊന്നുമല്ല
Correct Answer:- Option-B
Question73:-ട്രാൻസ്ഫോർമറിൻെറ ക്ഷമത ഏകദേശം ............. ആയിരിക്കും.
A:-35%
B:-55%
C:-78%
D:-98%
Correct Answer:- Option-D
Question74:-അന്തരീക്ഷമർദ്ദം അളക്കാൻ ............. ഉപയോഗിക്കുന്നു.
A:-ബാരോമീറ്റർ
B:-തെർമോമീറ്റർ
C:-വാട്ട് മീറ്റർ
D:-ഹൈഡ്രോമീറ്റർ
Correct Answer:- Option-A
Question75:-വാഹനത്തിൻെറ ഡ്രൈവർക്ക് പിന്നിൽ നിന്ന് വരുന്ന വാഹനങ്ങളെ കാണുന്നതിനുള്ള
റിയർവ്യൂ മിറർ ആയി ........... ഉപയോഗിക്കുന്നു.
A:-കോൺകേവ് ദർപ്പണം
B:-സമതല ദർപ്പണം
C:-കോൺവെക്സ് ദർപ്പണം
D:-പ്ലെയിൻ ഗ്ലാസ്
Correct Answer:- Option-C
Question76:-മുകളിലേക്ക് എറിയപ്പെടുന്ന വസ്തുക്കൾ അതിൻെറ സഞ്ചാരപഥത്തിലെ ഏറ്റവും ഉയർന്ന സ്ഥാനത്ത് എത്തുമ്പോൾ, അന്ത്യ പ്രവേഗം ........... ആയിരിക്കും.
A:-9.8 m/s
B:-100 m/s
C:-പൂജ്യം
D:-10 m/s
Correct Answer:- Option-C
Question77:-ഒരു വസ്തു നേർരേഖയിലൂടെ ഒരേ ദിശയിൽ  സഞ്ചരിച്ചാൽ
A:-ദൂരത്തിൻെറ അളവ് കൂടുതലും സ്ഥാനാന്തരത്തിൻെറ അളവ് കുറവുമായിരിക്കും
B:-ദൂരത്തിൻെറ അളവ് കുറവും സ്ഥാനാന്തരത്തിൻെറ അളവ് കൂടുതലുമായിരിക്കും
C:-ദൂരത്തിൻെറയും സ്ഥാനാന്തരത്തിൻെറയും അളവുകൾ തുല്യമായിരിക്കും
D:-ദൂരത്തിൻെറ അളവ് സ്ഥാനാന്തരത്തിൻെറ അളവിൻെറ ഇരട്ടിയായിരിക്കും
Correct Answer:- Option-C
Question78:-'ഫിലോസഫിയ നാച്ചറാലിസ് പ്രിൻസിപ്പിയ മാത്തമാറ്റിക്ക' എന്ന പ്രശസ്ത കൃതി ആരുടേതാണ്?
A:-ഐസക് ന്യൂട്ടൺ
B:-ഡോ. സി.വി. രാമൻ
C:-ശ്രീനിവാസൻ രാമാനുജൻ
D:-മൈക്കൽ ഫാരഡെ
Correct Answer:- Option-A
Question79:-ഗുരുത്വാകർഷണ ത്വരണം എത്രയാണ്?
A:-8.9 m/`s^2`
B:-9.8 m/`s^2`
C:-8.9 `m^2` /s
D:-9.8 `m^2` /s
Correct Answer:- Option-B
Question80:-കോൺകേവ് ദർപ്പണം ............ ആവശ്യത്തിന് ഉപയോഗിക്കാറില്ല.
A:-സിനിമാ പ്രൊജക്ടർ
B:-തെരുവ് വിളക്കുകളുടെ റിഫ്ലക്ടർ
C:-ഷേവിങ് മിറർ
D:-മേക്കപ്പ് മിറർ
Correct Answer:- Option-B
Question81:-24, x, 40 എന്നിവ ഒരു സമാന്തരശ്രേണിയിലെ തുടർച്ചയായ പദങ്ങളായാൽ 'x' എത്ര?
A:-32
B:-33
C:-30
D:-28
Correct Answer:- Option-A
Question82:-രണ്ടു സംഖ്യകളുടെ തുക 72 ഉം അവയുടെ വ്യത്യാസം 18 ഉം ആയാൽ അതിലെ വലിയ സംഖ്യ ഏത്?
A:-27
B:-45
C:-90
D:-54
Correct Answer:- Option-B
Question83:-6.4 × 6.4 + 2 × 6.4 × 3.6 + (3.6) × (3.6) എന്നതിൻെറ വിലയെത്ര?
A:-10
B:-2.8
C:-100

D:-6.4
Correct Answer:- Option-C
Question84:-`x/y` = 5 ആയാൽ `(x-y)/(y)` എത്രയാണ്?
A:-4
B:-`1/5`
C:-1
D:-0
Correct Answer:- Option-A
Question85:-216.75 എന്ന സംഖ്യയിൽ 5 ന്റെ സ്ഥാനം എത്രയാണ്?
A:-10
B:-100
C:-`1/10`
D:-`1/100`
Correct Answer:- Option-D
Question86:-`sqrt(256)` = 16 ആയാൽ `sqrt(2.56)` എത്രയാണ്?
A:-.16
B:-1.6
C:-.016
D:-1.06
Correct Answer:- Option-B
Question87:-താഴെ തന്നിട്ടുള്ളവയിൽ ഒരു ത്രികോണത്തിന്റെ അളവുകൾ ആകാൻ സാധ്യത ഇല്ലാത്തത് ഏത്?
A:-3, 4, 6
B:-2, 3, 5
C:-5, 5, 5
D:-2, 3, 4
Correct Answer:- Option-B
Question88:-6 cm ആരമുള്ള ഒരു അർദ്ധവിസ്തീർണ്ണം എന്ത്?
A:-36`pi`
B:-30`pi`
C:-60`pi`
D:-18`pi`
Correct Answer:- Option-D
Question89:-ഒരു ക്യൂബിന്റെ വക്കിന് 4 cm നീളമുണ്ടെങ്കിൽ വ്യാപ്തം എത്ര?
A:-16
B:-216
C:-64
D:-256
Correct Answer:- Option-C
Question90:-A ഒരു ജോലി 20 ദിവസം കൊണ്ടും B അതേ ജോലി 30 ദിവസം കൊണ്ടും ചെയ്യുന്നു. രണ്ടുപേരും ചേർന്ന് ആ ജോലി പൂർത്തിയാക്കാൻ എടുക്കുന്ന ദിവസം എത്ര?
A:-12
B:-13
C:-14
D:-16
Correct Answer:- Option-A
Question91:-ഒരാൾ ദോശയുണ്ടാക്കാൻ 100 kg അരിയും 50 kg ഉഴുന്നും എടുത്തു. ഇവിടെ അരിയുടെയും ദോശയുടെയും അംശബന്ധം എത്ര?
A:-1 : 2
B:-2 : 3
C:-2 : 1
D:-3 : 2
Correct Answer:- Option-C
Question92:-രണ്ടു സംഖ്യകൾ 1 : 3 എന്ന അംശബന്ധത്തിലാണ്. അവയുടെ ലസാഗു 12 ആയാൽ വലിയ സംഖ്യ ഏത്?
A:-4
B:-8
C:-10
D:-12
Correct Answer:- Option-D
Question93:-2.75 ന്റെ ശതമാനരൂപം എത്ര?
A:-275%
B:-27.5%
C:-2.75%
D:-.275%
Correct Answer:- Option-A
Question94:-150 രൂപ വിലയുള്ള ഒരു സാധനത്തിന്റെ വില 180 രൂപയായി വർദ്ധിച്ചാൽ വർദ്ധനവിന്റെ ശതമാനം എത്ര?
A:-30%
B:-20%
C:-15%
D:-12%
Correct Answer:- Option-B
Question95:-ഒരു സംഖ്യയുടെ 20% 15 എങ്കിൽ സംഖ്യ ഏത്?
A:-75
B:-76
C:-50
D:-60
Correct Answer:- Option-A
Question96:-1 മുതൽ 75 വരെയുള്ള എണ്ണൽ സംഖ്യകളുടെ തുകയെത്ര?
A:-2750
B:-2450
C:-2850
D:-2650
Correct Answer:- Option-C
Question97:-`10^(39)` ൽ എത്ര അക്കങ്ങൾ ഉണ്ട്?
A:-38
B:-39
C:-41

D:-40
Correct Answer:- Option-D

Question98:-താഴെ തന്നിട്ടുള്ളവയിൽ ഏതാണ് വലുത്?
A:-`(20)/(21)`
B:-`7/8`
C:-`9/10`
D:-`(21)/(22)`
Correct Answer:- Option-A

Question99:-`(-1)^(10)` +  `(-1)^(11) `  + `(-1)^(12) ` + `(-1)^(13)`  ന്റെ വിലയെത്ര?
A:-1
B:-0
C:--1
D:-4
Correct Answer:- Option-B

Question100:-5, x, 15, 20, 40 എന്നീ അളവുകളുടെ ശരാശരി 18 ആയാൽ x ന്റെ വില എത്ര?
A:-12
B:-16
C:-15
D:-10
Correct Answer:- Option-D